**No. CEE/888/2019/3 LL.B/TA2**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം- 695 001.

# പത്രക്കുറിപ്പ്

## 2019-20-ലെ ത്രിവത്സര എൽഎൽ.ബി. കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷ ഓൺലൈൻ അപേക്ഷാ സമർപ്പണത്തിനുള്ള സമയം ദീർഘിപ്പിച്ചു

കേരളത്തിലെ നാല് സർക്കാർ ലോ കോളേജുകളിലെയും സംസ്ഥാന സർക്കാരുമായി സീറ്റ് പങ്കിടുന്ന സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലെയും 2019-20 അധ്യയന വർഷത്തെ ത്രിവത്സര എൽഎൽ.ബി. കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷയ്ക്ക് ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള സമയം ദീർഘിപ്പിച്ചു.

ഇതനുസരിച്ച് **13.05.2019** മുതൽ **16.05.2019 വൈകുന്നേരം 5 മണി വരെ** പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സൗകര്യം വീണ്ടും ലഭ്യമാകുന്നതാണ്. നേറ്റിവിറ്റി, പ്രായം എന്നിവ തെളിയിക്കുന്നതിനും മറ്റ് സംവരണാനുകൂല്യങ്ങൾക്കുമുള്ള സർട്ടിഫിക്കറ്റുകൾ/ രേഖകൾ എന്നിവ ഓൺലൈൻ അപേക്ഷാ സമർപ്പണ വേളയിൽ വെബ്സൈറ്റിലൂടെ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

പ്രവേശന പരീക്ഷയുടെ തീയതി പിന്നീട് അറിയിക്കുന്നതാണ്. പ്രവേശന പരീക്ഷയുടെ വിശദാംശങ്ങൾ അടങ്ങുന്ന പ്രോസ്പെക്ടസും വിശദമായ വിജ്ഞാപനവും **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**ഹെൽപ്പ് ലൈൻ നമ്പരുകൾ: 0471-2332120, 2339101, 2339102, 2339103, 2339104**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
13.05.2019